# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1586. 04-12-2018 ൽ മറുപടിയ്ക്ക്

## നെല്ലുൽപാദക ബോണസ് നൽകുന്നതിലെ കാലതാമസം

**ചോദ്യം**
ശ്രീ.മോൻസ് ജോസഫ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലുൽപാദക ബോണസ് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഇനത്തിൽ എത്ര വർഷത്തെ കുടിശ്ശികയാണ് കർഷകർക്ക് നൽകുവാനുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | നടപടി സ്വീകരിക്കുന്നതാണ്. 2018 മാർച്ച് 31 വരെ ആകെ 1939.31/- ലക്ഷം രൂപ ഉല്പാദന ബോണസ് ഇനത്തിൽ നൽകുവാൻ കുടിശ്ശികയുണ്ട്. അധിക ധനസമാഹരണം വഴി പൈസ ലഭ്യമാക്കി അടിയന്തിരമായി കുടിശ്ശിക നൽകുന്നതാണ്. |
| (ബി) | കോട്ടയം ജില്ലയിൽ എത്ര കർഷകർക്കാണ് പ്രസ്തുത ബോണസ് നൽകുവാനുള്ളതെന്നും ആകെ എത്ര തുകയാണ് കൊടുക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ 22573 കർഷകർക്കായി 2018 മാർച്ച് 31 വരെ 238.27/- ലക്ഷം രൂപയാണ് നെൽകൃഷി ഉല്പാദനബോണസായി നൽകുവാനുള്ളത്. |
| (സി) | ബോണസ് തുക നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; എന്നാൽ എത്ര തുകയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സീസണിന് ഒരു ഹെക്ടറിന് 350/- രൂപ നിരക്കിൽ മുൻപ് നൽകി വന്നിരുന്ന ഉല്പാദന ബോണസ് 31.10.2012-ലെ സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നം.245/2012/കൃഷി പ്രകാരം ഹെക്ടറിന് 1,000/- രൂപയായി വർദ്ധിപ്പിച്ച പ്രസ്തുത നിരക്കിലാണ് നിലവിൽ ഉല്പാദന ബോണസ് നൽകിവരുന്നത്. |
| (ഡി) | നെല്ലുൽപാദക ബോണസ് അതാത് വർഷം തന്നെ കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ചുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ നെൽകൃഷി ഉദ്ദേശം 2.2 ലക്ഷം ഹെക്ടറിൽ ചെയ്തുവരുന്നതിൻ പ്രകാരം ഉല്പാദന ബോണസ് ഹെക്ടറിന് 1,000/- രൂപ എന്ന നിരക്കിൽ നൽകുന്നതിന് 22 കോടി രൂപ പ്രതിവർഷം ആവശ്യമുണ്ട്. എന്നാൽ 2018-19-ലെ ബജറ്റ് വിഹിതമായി 13.645/- കോടി രൂപ മാത്രമാണ് ലഭിച്ചത്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഉല്പാദന ബോണസ് നൽകുന്നതിന് കാലതാമസം ഉണ്ടായത്. |

സെക്ഷൻ ഓഫീസർ